**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4680** **29-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യ വർഗ്ഗങ്ങളുടെ ആവാസവ്യവസ്ഥകൾ സംരക്ഷിക്കാൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കടൽ മത്സ്യസമ്പത്ത് വലിയ രീതിയിൽ കുറയുന്ന സാഹചര്യത്തിൽ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥകൾ സംരക്ഷിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (എ) | കടൽ മൽസ്യ സമ്പത്തിന്റെ സ്വാഭാവിക ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനായി കടലിൽ നിക്ഷേപിക്കുന്ന കൃത്രിമ പാര് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കടലിന്റെ അടിത്തട്ടിൽ കൃത്രിമ ആവാസവ്യവസ്ഥ സൃഷ്ടിച്ച് മത്സ്യ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി മത്സ്യഗ്രാമങ്ങളിലെ തീരക്കടലിൽ നിലവിലുള്ള പ്രകൃതിദത്ത പാരുകൾക്കു സമീപം ത്രികോണാകൃതിയിലുള്ള സിമന്റ് കോൺക്രീറ്റ് മൊഡ്യൂളുകൾ ജിപിഎസ് സഹായത്തോടെ സ്ഥാനനിർണയം നടത്തി നിക്ഷേപിക്കുന്ന പദ്ധതിയാണിത്. ഈ പാരുകളിൽ സസ്യപ്ലവകങ്ങളും ജന്തു പ്ലവകങ്ങളും രൂപപ്പെടുമ്പോൾ അതു ഭക്ഷിക്കുന്നതിനായി ചെറുതും വലുതുമായ മത്സ്യങ്ങൾ അവിടേക്ക് ആകർഷിക്കപ്പെടുകയും ഈ ആവാസ വ്യവസ്ഥ മത്സ്യ പ്രജനനത്തിനും അവയുടെ സുസ്ഥിരമായ നിലനിൽപിനും അനുകൂല സാഹചര്യം സൃഷ്ടിക്കുകയും ചെയ്യും. തിരുവനന്തപുരം ജില്ലയിലെ പുല്ലുവിള, ഉമ്പ എന്നീ മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 120 കൃത്രിമ പാര് മോഡ്യൂളുകൾ വീതവും കൊച്ചുതുറ, പുതുക്കുറിച്ചി മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 140 കൃത്രിമ പാര് മോഡ്യൂളുകൾ വീതവും, പൂന്തുറ, ബീമാപള്ളി, വലിയതുറ എന്നീ മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ യഥാക്രമം 279, 280, 175 എണ്ണം കൃത്രിമ പാര് മോഡ്യൂളുകളും സ്ഥാപിച്ചു കഴിഞ്ഞു. ഇതുകൂടാതെ വിഴിഞ്ഞം പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തി കൊല്ലംകോട്, പരുത്തിയൂർ, വലിയതുറ, കൊച്ചുതുറ, പുതിയതുറ, പള്ളം, അടിമലത്തുറ എന്നീ 7 മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 200 വീതം റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് നിർമ്മിതിയിലുള്ള കൃത്രിമ പാര് മോഡ്യൂളുകൾ സ്ഥാപിച്ചു കഴിഞ്ഞു. പൂവാർ മത്സ്യഗ്രാമത്തിന്റെ തീരക്കടലിൽ പരീക്ഷണാടിസ്ഥാനത്തിൽ ഫെറോ സിമന്റ് കൊണ്ട് നിർമ്മിച്ച കൃത്രിമ പാരുകൾ സ്ഥാപിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിച്ചു വരുന്നു. 2020-21 സാമ്പത്തിക വർഷം പുതിയതുറ, പൂവാർ എന്നീ മത്സ്യ ഗ്രാമങ്ങളുടെ തീരക്കടലിൽ കൃത്രിമ പാര് സ്ഥാപിയ്ക്കുന്നതിനുള്ള പദ്ധതി ടെൻഡർ ചെയ്തു അവാർഡ് ചെയ്തു കഴിഞ്ഞു. കൂടാതെ 2021-22 വർഷത്തിൽ തിരുവനന്തപുരം ജില്ലയിലെ വേളി മത്സ്യഗ്രാമത്തിന്റെ തീരക്കടലിൽ കൃത്രിമ പാര് സ്ഥാപിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ